പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5447 — 31.10.2016 -ൽ മറുപടിക്ക്.

**ഭക്ഷ്യ സംഭരണ ശാലകളുടെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.അനിൽ അക്കര** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളുടെ വിതരണം സുഗമമായി നടത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിവരിക്കുമോ ; | (എ) | സംസ്ഥാനത്തെ പൊതു വിതരണം സുഗമമാക്കുന്നതിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ വാതിൽപ്പടി വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി കൊല്ലം ജില്ലയിൽ 2016 നവംബർ 1 മുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെ നിയോഗിച്ചു കൊണ്ട് സ.ഉ(കൈ) നം. 11/2016/ഭ.പൊ.വി.വ പ്രകാരം 29.08.2016 ൽ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിനായി ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | 29.08.2016 ലെ സ.ഉ(കൈ) നം. 11/2016/ ഭ.പൊ.വി.വ പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്കു പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്വന്തം നിലയിലും ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കുവാൻ ആലോചിച്ചു വരുന്നു. |
| (സി) | ഏതെല്ലാം തലത്തിലാണ് ഭക്ഷ്യ സംഭരണ ശാലകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി) | സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലാണ് ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ